# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**
**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 5367/26 തിയ്യതി : 03.09.2026

**ഹാജർ**

| | | |
|---|---|---|
| ടി. എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ. അസിയ.പി.കെ | - | മെമ്പർ |

Balachandran Thekkat
TC 11/580
Pranavam, Seetharam Mill lane
Poonkunnam, Thrissur – 680 002
Ph : 8129876310

പരാതിക്കാരി

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

എതിർകക്ഷി

**പരാതിയുടെ സംക്ഷിപ്ത രൂപം :**

31/455 ൽ കൺസ്യൂമർ നം. 8398 - A, ബാലചന്ദ്രൻ തെക്കാട്ട് എന്നവരുടെ പേരിലുള്ള സോളാർ കണക്ഷനാണ്. നിലവിൽ കൺസ്യൂമർ ഓൺഡ് മീറ്ററാണ് ടിയാൻ ഉപയോഗിച്ചു വരുന്നതെന്നും നിലവിലെ മീറ്റർ മാറ്റി പുതിയ മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സെക്ഷൻ 3 അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകണമെന്നാണ് പരാതിയ്ക്കടിസ്ഥാനം.

**ഫോറത്തിന്റെ നടപടികൾ :**

04.08.2026 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. വിഷയത്തിൽ വിശദമായ സത്യവാങ്മൂലം നൽകുന്നതിന് ലൈസൻസിക്കു വേണ്ടി ബന്ധപ്പെട്ട സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി.

**വിഷയത്തിൽ ബന്ധപ്പെട്ട സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സത്യവാങ്മൂലം.**

കൺസ്യൂമർ നം. 8398 - A എന്ന കണക്ഷനിൽ 5 കി.വാട്ട് ഓൺഗ്രിഡ് സോളാർ പി.എം.എസ്.ജി. സ്കീമിൽ സ്ഥാപിക്കുന്നതിനായി 30.04.2026 ൽ അപേക്ഷ സമർപ്പിക്കുകയും ആയതിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയതിനെ തുടർന്ന് 05.06.2026 ന് സോളാർ രജിസ്ട്രേഷൻ ഫീ അടച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് 17.06.2026 ന് പ്രവൃത്തി പൂർത്തീകരിച്ച് സോളാർ ടെസ്റ്റ് ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്തു. അപേക്ഷകൻ തേഡ് പാർട്ടി സോളാർ ടെസ്റ്റ് 23.06.2026 ൽ സബ്എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തി. ആയതിന് ശേഷം ടെസ്റ്റ് റിപ്പോർട്ട്, എഗ്രിമെന്റ്, മറ്റ് ഡോക്യുമെന്റുകൾ അപേക്ഷകൻ സമർപ്പിക്കുകയും 07.07.2026 ന് സോളാർ പ്ലാന്റ് എനർജൈസ് ചെയ്യുകയുമുണ്ടായി.

**ഫോറത്തിൻെറ നിഗമനം.**

ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ 10.08.2026 ന് നൽകിയ റിപ്പോർട്ട് പ്രകാരം സോളാർ മീറ്റർ സ്ഥാപിച്ചതായി അറിയിക്കുകയുണ്ടായി. ആയതിനാൽ പരാതി പരിഹരിച്ചതായി ഫോറം വിലയിരുത്തുന്നു.

**ഉത്തരവ് നടപടികൾ :**

സോളാർ കണക്ഷൻ നൽകി മീറ്റർ സ്ഥാപിച്ച സാഹചര്യത്തിൽ പരാതി പരിഹരിച്ചതായി ഉത്തരവാകുന്നു.

| | | |
|---|---|---|
| അഡ്വ. അസിയ.പി.കെ<br>മെമ്പർ | വിനുകൃഷ്ണൻ. കെ<br>മെമ്പർ | ടി.എസ്. ജോസ്<br>ചെയർപേഴ്സൺ |

THRISSUR MUNICIPAL CORPORATION
ELECTRICITY DEPARTMENT